**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4530** — **29.06.2012 ൽ മറുപടിയ്ക്ക്**

## ആജീവിക പദ്ധതിയുടെ വിശദാംശങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>,, സണ്ണി ജോസഫ്<br>,, വി. റ്റി. ബൽറാം<br>,, എ. റ്റി. ജോർജ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |

എ) **ആജീവിക പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; അറിയിക്കുമോ ;**

എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ആജീവിക പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :-

1. സമൂഹത്തിലെ നിരാലംബർ, പാർശ്വവൽക്കരിക്കപ്പെട്ടവർ, ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ, പട്ടിക വർഗ്ഗ വിഭാഗങ്ങൾ, തീരദേശനിവാസികൾ, ആശ്രയ ഗുണഭോക്താക്കൾ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് ഈ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയും അതുവഴി അവരുടെ സാമ്പത്തിക-സാമൂഹിക ഉന്നമനത്തിന് സഹായകമാകുന്ന വിധത്തിൽ പരിപാടികൾ ആസൂത്രണം ചെയ്യുക.
2. അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ, പരിശീലനങ്ങൾ, അയൽക്കൂട്ട അംഗങ്ങൾക്ക് ബാങ്ക് വായ്പ സുഗമമായി തിരിച്ചടയ്ക്കുന്നതിനുള്ള സേവനങ്ങൾ, വർദ്ധിച്ച പലിശ നിരക്കുകളുള്ള മറ്റു പണമിടപാടു സ്ഥാപനങ്ങളെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ആശ്രയിച്ചു വരുന്ന പ്രവണത കുറയ്ക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുക.
3. കുടുംബശ്രീ മിഷന്റെ നിലവിലുള്ള ഉപജീവന മാർഗ്ഗങ്ങളും പദ്ധതികളുമായ

മൃഗ സംരക്ഷണം, മത്സ്യബന്ധനം, സൂക്ഷ്മ സംരംഭങ്ങൾ, സംഘകൃഷി, സമഗ്ര പദ്ധതികൾ, വിപണന ഉപാധികൾ എന്നിവ എൻ.ആർ.എൽ.എം പദ്ധതിയുമായി സംയോജിപ്പിച്ച് കൂടുതൽ വിപുലമാക്കുക.

4. മേൽ പറഞ്ഞ മൂന്നു മേഖലകളിലും ആവശ്യമായ വൈദഗ്ദ്ധ്യ പരിശീലനവും പിന്തുണാ സഹായങ്ങളും എൻ.ആർ.എൽ എം ഭാഗമായി കുടുംബശ്രീ മിഷൻ ഏറ്റെടുത്തു നൽകുന്നു.

| | | | |
|---|---|---|---|
| **ബി)** | **പ്രസ്തുത പദ്ധതിക്കായി എത്ര തുക ചെലവിടാനുദ്ദേശിക്കുന്നു;** | ബി) | 7 വർഷ കാലാവധിയുള്ള പ്രസ്തുത പദ്ധതിയുടെ ആകെ അടങ്കൽ തുക 1160.13 കോടിരൂപയാണ്. ഇതിൽ 2012–13 സാമ്പത്തിക വർഷത്തേയ്ക്കുള്ള അടങ്കൽ തുക 57 കോടി രൂപയാണ്. |
| **സി)** | **പ്രസ്തുത പദ്ധതിയ്ക്കുള്ള കേന്ദ്ര സഹായം എത്രയാണ്;** | സി) | 2012–13 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രസ്തുത പദ്ധതിയുടെ കേന്ദ്ര സർക്കാർ വിഹിതം 43.88 കോടി രൂപയാണ്. |
| **ഡി)** | **പദ്ധതി എന്ന് ആരംഭിക്കാനാകും ?** | ഡി) | പദ്ധതിയുടെ പ്രവർത്തനങ്ങൾ 2012 ഫെബ്രുവരി മുതൽക്ക് ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**